ഭൂമി ഏറ്റെടുക്കൽ നടപടി

25 (2783) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയപാത ഉൾപ്പെടെ പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ മന്ദഗതിയിൽ നടന്നുവരുന്നതുകൊണ്ട് റോഡ് വികസനങ്ങൾക്ക് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) എൽ. എ. ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള പല പ്രധാന പദ്ധതികൾപോലും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത കണക്കിലെടുത്ത് ഇവ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിലവിലുള്ള നിയമത്തിൽ തന്നെ വ്യവസ്ഥയുള്ളതിനാൽ ഭേദഗതി ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(സി) ആവശ്യത്തിന് ജീവനക്കാരില്ലാത്ത എൽ.എ. ഓഫീസുകളിൽ അത് പരിഹരിക്കുവാൻ നടപടികൾ എടുത്തുവരുന്നു.

കോളനിയിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിന് നൽകിയ നിവേദനം

26 (2784) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോസ്ദുർഗ്ഗ് താലൂക്കിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ ഉദയപുരം കോളനിയിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിനായി നൽകിയ നിവേദനത്തിൻമേൽ (റവന്യൂ വകുപ്പിലെ ഫയൽ നമ്പർ. 35336/ആർ 1/2003 റവന്യൂ) എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കുമോ ?

ഉത്തരം

നിവേദനം അടിയന്തര റിപ്പോർട്ടിനായി കാസർഗോഡ് ജില്ലാ കളക്ടർക്ക് 26-5-2003-ൽ 35336/ആർ1/2003 റവന്യൂ നമ്പർ കത്ത് പ്രകാരം അയച്ചുകൊടുത്തിരുന്നു. നിവേദനത്തിൻമേൽ അന്വേഷണം നടത്തി ഉടൻ റിപ്പോർട്ട് സമർപ്പിക്കുവാൻ ഹോസ്ദുർഗ്ഗ് തഹസിൽദാർക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly